പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 387 10.06.2014-ൽ മറുപടിയ്ക്ക്

## മലബാർ മേഖലയിലെ വൈദ്യുതി തടസ്സം

ചോദ്യം

ശ്രീ. കെ. കെ. നാരായണൻ :

(എ) ഷൊർണ്ണൂർ - മാടക്കത്തറ ലൈനിലെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് മലബാർ മേഖലയിൽ വൈദ്യുതി തടസ്സമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ലൈൻ പൊട്ടിവീഴുന്നത് അപകടം ഉണ്ടാക്കുമെന്നതിനാൽ ഇതിനെതിരെ മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനായി മലബാർ മേഖലയിലേയ്ക്ക് വൈദ്യുതി പ്രസരണം നിർവ്വഹിക്കുന്ന ഷൊർണ്ണൂർ-മാടക്കത്തറ, മാടക്കത്തറ-അരീക്കോട്, മാടക്കത്തറ-മലാപ്പറമ്പ എന്നീ 220 കെ.വി ലൈനുകളുടെ എല്ലാ ടെൻഷൻ ടവറുകളിലും അടിയന്തിര അറ്റകുറ്റപ്പണികൾ ചെയ്ത് ലൈനിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ചിട്ടുണ്ട്. ഇടിമിന്നലിന്റെ കാര്യക്ഷമത ആഘാതം കൂടുതൽ ഏൽക്കാൻ സാധ്യതയുള്ള പ്രദേശങ്ങളിലെ ടവറുകളിൽ ഡിസ്ക് ഇൻസുലേറ്ററുകൾ മാറ്റി കോമ്പസിറ്റ് പോളിമർ ഇൻസുലേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത ലൈൻ റൂട്ടിൽ ലൈൻ മെയിന്റനൻസ് വിഭാഗം നിരീക്ഷണം നടത്താറുണ്ട്.

സെക്ഷൻ ഓഫീസർ.